## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 240** | **24-02-2026 - ൽ മറുപടിയ്ക്ക്**

## ജലവിഭവം ശാശ്വതമായി ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ ഡി കെ മുരളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ പ്രധാന ജലസംഭരണികളിൽ ജലനിരപ്പ് നിരീക്ഷിക്കുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | ഡാമുകളുടെ പ്രധാന അറ്റകുറ്റപണികൾ നടത്തുന്നതിനായി കേന്ദ്ര ജല കമ്മീഷന്റെ മേൽനോട്ടത്തിൽ ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കി വരുന്ന Externally Aided Project (EAP) ആണ് ഡ്രിപ്പ്. ഡ്രിപ്പ് ഘട്ടം ഒന്നിന്റെ ഭാഗമായി 6.48 കോടി രൂപയ്ക്ക് നടന്നുവരുന്ന ഇൻസ്ട്രുമെന്റേഷൻ പ്രവൃത്തിയിൽ ഉൾപ്പെടുത്തി കേരളത്തിലെ ജലസേചനവകുപ്പിനു കീഴിലുള്ള 16 അണക്കെട്ടുകളിലും / ബാരേജുകളിലും ഓട്ടോമാറ്റിക് വാട്ടർലെവൽ റെക്കോർഡർ സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം ഉപയോഗിച്ച് അണക്കെട്ട്- കളിലെ ജലനിരപ്പ് 15 മിനിട്ട് ഇടവേളകളിൽ തുടർച്ചയായി റെക്കോർഡ് ചെയ്യാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് online ആയി കാണാനും സാധിക്കുന്നതാണ്.<br><br>കൂടാതെ ജലസേചനവകുപ്പിനു കീഴിലുള്ള അണക്കെട്ടുകൾ / ബാരേജുകൾ എന്നിവയിലെ ജലനിരപ്പ് നിരീക്ഷിക്കുന്നതിനായി അണക്കെട്ടുകളിലും / ബാരേജിലും ജലനിരപ്പ് അളക്കുന്നതിനുള്ള സ്കെയിൽ സ്ഥാപിച്ചിട്ടുണ്ട്. Non monsoon കാലങ്ങളിൽ ദിവസവും രാവിലെ 8 മണിക്കുള്ള ജലനിരപ്പ് ഐ.ഡി.ആർ.ബി. ഉദ്യോഗസ്ഥരെ അറിയിക്കുകയും ഇത് ഐ.ഡി.ആർ.ബിയിൽ നിന്നും ഏകീകരിച്ച് സംസ്ഥാന ദുരന്തനിവാരണ വകുപ്പിനെ അറിയിക്കുകയും ചെയ്തുവരുന്നു. Monsoon കാലങ്ങളിൽ ഈ പ്രക്രിയ ദിവസവും 8 മണിക്കൂർ ഇടവിട്ട് 3 നേരം ചെയ്തുവരുന്നു.<br><br>കാരാപ്പുഴ, പഴശ്ശി, കുറ്റ്യാടി, ചമ്രവട്ടം ജലസേചന പദ്ധതികളിൽ Mean sea level (MSL) അടിസ്ഥാനമാക്കി സ്ഥാപിച്ച സ്കെയിലിലെ ദിനംപ്രതിയുള്ള റീഡിങ് പരിശോധിച്ച് രേഖപ്പെടുത്തുന്നു. മലമ്പുഴ, പോത്തുണ്ടി, കാഞ്ഞിരപ്പുഴ |

| | | | |
|---|---|---|---|
| | | | എന്നീ അണക്കെട്ടുകളിൽ Automatic Water Level Recorder സ്ഥാപിച്ചിട്ടുണ്ട്. Real time data monitoring ഉം ഇതുമൂലം സാധ്യമാണ്. Radar Level Sensor with Data logger എന്ന ഉപകരണം ശിരുവാണി അണക്കെട്ടിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് ശിരുവാണി അണക്കെട്ടിന്റെ ജലനിരപ്പ് നിരീക്ഷിച്ചു വരുന്നു. വാളയാർ, മീങ്കര, ചുള്ളിയാർ ഡാമുകളിലെ ജലനിരപ്പ് നിരീക്ഷിക്കുന്നതിനായി Digital Water Level Recorder (DWLR) സാങ്കേതിക സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.<br><br>തെന്മല ഡാം, ഭൂതത്താൻകെട്ട് ബാരേജ്, നെയ്യാർ ഡാം, മണിയാർ ബാരേജ് എന്നീ ജലസംഭരണികളിൽ ജലനിരപ്പ് നിരീക്ഷിക്കുന്നതിനായി AWLR (Automatic Water Level Recorder), Water Level Sensor എന്നീ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രധാന ജലസംഭരണികളായ മലങ്കര ഡാം, പീച്ചി, ചിമ്മിനി, വാഴാനി ഡാമുകളിലേയും, ചീരക്കുഴി വിയറിലേയും വാട്ടർ ലെവൽ റീഡിംഗ് മാനുവലായി ജലനിരപ്പ് നിരീക്ഷിച്ച് രേഖപ്പെടുത്തി വരുന്നു.<br><br>വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിൽ രണ്ട് ഡാമുകളാണ് നിലവിലുള്ളത്. തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഡാമും പേപ്പാറ ഡാമും. നിലവിൽ പ്രസ്തുത ഡാമുകൾ കുടിവെള്ള വിതരണത്തിന്റെ സ്രോതസ്സുകളായി ഉപയോഗിച്ചു വരുന്നു. ഈ രണ്ട് ഡാമിലെയും ജലനിരപ്പുകൾ നിരീക്ഷിക്കുന്നതിന് സ്ഥിരം സംവിധാനം നിലവിലുണ്ട്. രണ്ട് ഡാമിലും സ്ഥാപിച്ചിട്ടുള്ള വാട്ടർ ലെവൽ ഇൻഡിക്കേറ്റർ സ്കെയിലിൽ നിന്നും ഓരോ മണിക്കൂറിലെയും ജലനിരപ്പ് കൃത്യമായി ഡാമിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തുകയും തുടർന്ന് ഈ റീഡിങ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറുകയും ചെയ്തു വരുന്നു. |
| (ബി) | ഭാവിയിൽ ജലവിഭവത്തെ കൂടുതൽ ശാശ്വതമായി ഉപയോഗിക്കുന്നതിനുള്ള സർക്കാർ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | ഭാവിയിൽ ജലവിഭവത്തെ കൂടുതൽ ശാശ്വതമായി ഉപയോഗിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി കേരള ജലവിഭവ വിവര സംവിധാനം (Kerala Water Resources Information System - K-WRIS) എന്ന പദ്ധതി സർക്കാർ വിഭാവനം ചെയ്യുകയും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ, കാലാവസ്ഥാ വ്യതിയാനം ജലവിഭവ മേഖലയിലുണ്ടാക്കുന്ന ആഘാതങ്ങൾ പഠിക്കാനും അവയ്ക്ക് ശാസ്ത്രീയമായ പരിഹാരങ്ങൾ |

| | | | |
|---|---|---|---|
| | | | കണ്ടെത്താനുമായി 'സ്റ്റേറ്റ് സ്പെസിഫിക് ആക്ഷൻ പ്ലാൻ' (SSAP) തയ്യാറാക്കിവരുന്നു. ഇതിലൂടെ കേരളത്തിലെ 44 നദീതടങ്ങളിലെയും ജലലഭ്യതയും ആവശ്യകതയും വിശകലനം ചെയ്യുകയും വരുംദശകങ്ങളിലേക്കുള്ള കർമ്മപദ്ധതികൾ രൂപീകരിക്കുകയും ചെയ്യുന്നു.<br><br>ജലസേചനപദ്ധതിക്ക് കീഴിൽ സർക്കാർ വർഷം തോറും അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ച് കനാൽ ലൈനിങ്, റീ കൺസ്ട്രക്ഷൻ, അക്വഡക്ട് റീകൺസ്ട്രക്ഷൻ, സ്റ്റെങ്തനിങ് തുടങ്ങിയ പ്രവൃത്തികളിലൂടെ ലീക്ക് തടയാനും ജലവിതരണം കാര്യക്ഷമമാക്കാനും സാധിക്കുന്നതിലൂടെ ജലം കൂടുതൽ ശാശ്വതവും ഫലപ്രദവുമായി ഉപയോഗിക്കാൻ സാധിക്കുന്നു.<br><br>കുടിവെള്ള – ജലസേചന പദ്ധതികളുടെ സ്രോതസായുള്ള ജലസംഭരണികളെ കൂടുതൽ ശാശ്വതമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി ഡാമുകളിൽ അടിഞ്ഞു കൂടിയ മണലും എക്കലും നീക്കം ചെയ്യുന്ന ഡിസിൽറ്റേഷൻ പ്രവൃത്തി നടപ്പിലാക്കി വരുന്നു. ഇതിലൂടെ ഡാമുകളിലെ ജലസംഭരണശേഷി ഉയർത്തുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ